# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4203** **24.06.2019 ലെ മറുപടി**

## താനൂർ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

**ചോദ്യം**

**ശ്രീ.വി. അബ്ദുറഹിമാൻ :**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) താനൂർ മണ്ഡലത്തിലെ എടക്കടപ്പുറം ഉൾപ്പെടെയുള്ള തീരങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) അതിരൂക്ഷമായ കടലാക്രമണം മൂലം നിരവധി മത്സ്യത്തൊഴിലാളികളുടെ വീടുകൾ തകരുന്ന സാഹചര്യത്തിൽ അടിയന്തരമായി കടൽഭിത്തി നിർമ്മാണ-ത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) താനൂരിന്റെ കടൽത്തീരങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് നിലവിലുള്ള എസ്റ്റിമേറ്റുകളുടെ വിശദവിവരവും തുകയും എത്രയെന്ന് വിശദമാക്കുമോ?

(എ) (ബി) & (സി) കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി മലപ്പുറം ജില്ലയിലെ താനൂർ എടക്കടപ്പുറം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ 15/06/2019 -ന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ജിയോ ബാഗുകൾ വാങ്ങുന്നതിനും അടിയന്തരമായി കോർവാൾ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:-

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | എ.എസ്.ഇ. പ്രവൃത്തി- താനൂർ മുൻസിപ്പാലിറ്റി യിലെ എടക്കടപ്പുറത്ത് CESCP 1653 ന് 65 മീറ്റർ തെക്ക് നിന്ന് 195 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 127.60 ലക്ഷം |
| 2 | എ.എസ്.ഇ. പ്രവൃത്തി-താനൂർ മുൻസിപ്പാലിറ്റി യിലെ എടക്കടപ്പുറത്ത് CESCP 1654 ന് 22 മീറ്റർ വടക്ക് നിന്ന് 45 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 29.4 ലക്ഷം |
| 3 | എ.എസ്.ഇ. പ്രവൃത്തി-താനൂർ മുൻസിപ്പാലിറ്റി യിലെ എടക്കടപ്പുറത്ത് CESCP 1655 ന് 30 മീറ്റർ തെക്ക് നിന്ന് 120 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 78.54 ലക്ഷം |

**സെക്ഷൻ ഓഫീസർ**